കേരള സർക്കാർ

# വാഴക്കുളം ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി.5)1906/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ :doekm.ksad@kerala.gov.in
തീയതി :07.12.2016

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാഴക്കുളം ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : വാഴക്കുളം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2.3 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3.1,3.4,3.6 എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.ഇകെഎം(പി.5)1906/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ :doekm.ksad@kerala.gov.in
തീയതി :07.12.2016

## എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ 31.03.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | :ശ്രീ. ഡി.സുരേഷ് രാജു , ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) |
| ഓഡിറ്റ് നടത്തിയ തീയതി : | 17.10.2016 മുതൽ 22.10.2016 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീമതി. ഷേർളി പീറ്റർ | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീമതി. കവിതാ ദേവി വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ.എം.എസ്. ഗോപകുമാർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 4 | ശ്രീമതി. ഷൈബി ഇ.ഡി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

### നിർവ്വഹണാധികാരികൾ

#### പ്രസിഡണ്ട്

| | |
|---|---|
| ശ്രീ. ടി.എച്ച് അബ്ദുൾ നാസർ | 01.04.2015 മുതൽ 01.11.2015വരെ |

| | |
|---|---|
| ശ്രീമതി. വിജി സണ്ണി | 02.11.2015മുതൽ 31.03.2016വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. കെ.എം.അബ്ദുൾ സലാം | 01.04.2015മുതൽ 30.04.2015വരെ |
| ശ്രീ.ജിനേഷ് (അസി.സെക്രട്ടറി) സെക്രട്ടറി -ഇൻ-ചാർജ്ജ് | 01.05.2015മുതൽ 21.07.2015വരെ |
| ശ്രീ.ബിനൂപ് കെ.പി(ഹെഡ് ക്ലാർക്ക്) സെക്രട്ടറി -ഇൻ-ചാർജ്ജ് | 22.7.2015 മുതൽ 24.7.2015 AN |
| ശ്രീ. എ.എം മീതിയൻ | 24.07.2015ANമുതൽ 31.03,2016വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ക്രമ നം. | പേര് | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|---|
| 1 | ബിൻസി എബ്രഹാം | കൃഷിഓഫീസർ | 01.04.2015മുതൽ 31.03,2016വരെ |
| 2 | പാർവ്വതി ഉണ്ണിത്താൻ | അസിസ്റ്റന്റ് എൻജിനീയർ | 01.04.2015മുതൽ 31.03,2016വരെ |
| 3 | സുമ എം.ജി | അസിസ്റ്റന്റ് സെക്രട്ടറി | 01.04.2015മുതൽ 31.03,2016വരെ |
| 4 | ഡോ.ഉണ്ണിക്യഷ്ണൻ ജി. | അസിസ്റ്റന്റ് സർജൻ (പി.എച്ച്.സി) | 01.04.2015മുതൽ 31.03,2016വരെ |
| 6 | ഡോ.അംബിക കെ.എസ് | മെഡിക്കൽ ഓഫീസർ (ഗവ.ഹോമിയോ ഡിസ്പെൻസറി) | 01.04.2015മുതൽ 31.03,2016വരെ |
| 7 | ഡോ.മിനിമോൾ വി.എൻ | മെഡിക്കൽ ഓഫീസർ (ഗവ.ആയുർവ്വേദ ഡിസ്പെൻസറി) | 01.04.2015മുതൽ 31.03,2016വരെ |
| 8 | ഡോ.ബബിത മാത്യു | വെറ്ററിനറി സർജൻ | 01.04.2015മുതൽ 31.03,2016വരെ |
| 9 | മോഹൻദാസ് എം | ഹെഡ് മാസ്റ്റർ, ഗവ,യു.പി സ്കൂൾ | 01.04.2015മുതൽ 31.03,2016വരെ |
| 10 | മഞ്ജു.ബി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01.04.2015മുതൽ 31.03,2016വരെ |
| 11 | ശ്രീനി വർഗ്ഗീസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01.04.2015മുതൽ 31.03,2016വരെ |
| 12 | പി.കെ മുഹമ്മദ് സിദ്ദിഖ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01.04.2015മുതൽ 31.03,2016വരെ |
| 13 | സന്ധ്യ സി.ബി | ലേഡി വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01.04.2015മുതൽ 31.03,2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |

| | | | |
|---|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | അനുബന്ധപത്രികകൾ | | |
| | ഭാഗം 2 | | |
| 1 | ഡി&ഒ ലൈസൻസ് ഇല്ലാതെ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-1 | |
| 2 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പിരിവ് നാമമാത്രം. | 2-2 | |
| 3. | വാടക ഈടാക്കിയില്ല. | 2-3 | |
| 4. | സേവനനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. | 2-4 | |
| | ഭാഗം- 3 | | |
| 1 | പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കിയതിലെ വീഴ്ചകൾ | 3-1 | |
| 2 | ഭവനനിർമ്മാണം പണി പൂർത്തീകരിച്ചിട്ടില്ല | 3-2 | |
| 3 | വിനിയോഗ സർട്ടിഫിക്കറ്റില്ല - ചെലവ് തടസ്സപ്പെടുത്തുന്നു. | 3-3 | |
| 4 | സി.പി.ഡബ്ലിയു.ഡി. സ്പെസിഫിക്കേഷനില്ലാത്ത പ്രവൃത്തിയിനം - സ്പഷ്ടീകരണം ആവശ്യം | 3-4 | |
| 5 | ദീർഘവീക്ഷണമില്ലാത്ത ആസൂത്രണം - 25% മരാമത്ത് പ്രവൃത്തികൾ നടപ്പായില്ല | 3-5 | |
| 6. | ആശ്രയ പദ്ധതി- ഭൗതികലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെട്ടു | 3-6 | |
| 7. | പൊതുടാപ്പുകളുടെ എണ്ണം- സംയുക്തപരിശോധന നടത്തിയിട്ടില്ല. | 3-7 | |
| 8. | വൈദ്യുതി നിരക്ക് തെറ്റായ താരിഫ് നിർണ്ണയം ക്രമീകരിക്കേണ്ടതാണ്. | 3-8 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |

| | | | |
|---|---|---|---|
| 1 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 | |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 6 | ഓഡിറ്റ് റിക്കവറി | 4-6 | |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 8 | ആശുപത്രി വികസനസമിതികളുടെ കണക്കുകൾ | 4-8 | |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16 | അനുബന്ധം.1 | |
| | ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം.2 | |
| | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.3 | |
| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.4 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി
I (1) നം തീരുമാനം തീയതി.23.03.2015

| | ബജറ്റ് പ്രകാരം | വാർഷിക കണക്ക് പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 147613097 | 60937804 | 86675293 |
| ചെലവ് | 124086895 | 73558330 | 50528565 |

ബജറ്റ് വരവിനേക്കാൾ 58.71% കുറവാണ് യഥാർത്ഥ വരവ്. അതുപോലെ പ്രതീക്ഷിത ചെലവിനേക്കാൾ 40.72% കുറവാണ് യഥാർത്ഥ ചെലവ്. ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെയും, സാമൂഹ്യ സുരക്ഷാപെൻഷന്റെയും വരവ്-ചെല വുകൾ വാർഷിക കണക്കുകളിലെ റസീപ്റ്റ് & പെയ്മെന്റ് കണക്കുകളിൽ പ്രതിഫലിക്കുന്നില്ല എന്നതാണ് ഇതിന് ഒരു കാരണം. എങ്കിലും ബജറ്റ് യാഥാർത്ഥ്യബോധത്തോടെയുള്ളതായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 30.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

ധനകാര്യപത്രിക പരിശോധിച്ചതിൻ പ്രകാരം അപാകതകൾ ഒന്നുമില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 33,62,87,20.87 |
| വരവ് | 60,93,78,04.00 |
| ആകെ | 94,56,65,24.87 |
| ചെലവ് | 73,55,83,30.00 |
| നീക്കിബാക്കി | 21,00,81,94.87 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ) | 2429002 | 2561437 | 4990439 | 15797773 | 10807334 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 4423123 | 4295266 | 8718389 | 5082366 | 3636023 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 63000 | 25000 | 88000 | 57500 | 30500 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 3061651 | 10078750 | 13140401 | 12466092 | | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1820046 | 1293170 | 3113216 | 3787525 | 674525 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 2607644 | 6962101 | 9569745 | 5896293 | 36734520 | 0 |
| ലോക ബാങ്ക് സഹായം | 3631457 | 2762038 | 6393495 | 2926136 | 3467359 | 0 |

1.04.2016-ൽ വികസന ഫണ്ട് (ജനറൽ) യഥാർത്ഥ മുന്നിരുപ്പ് 2409392/- രൂപ ആണെങ്കിലും, ഈഫണ്ടിന്റെ ട്രഷറി അക്കൗണ്ടിൽ (VPFA II (a)) സംയുക്തപ്രൊജക്ടുകൾക്കുള്ള (ഐ.സി.ഡി.എസ് കേന്ദ്രവിഹിതം) തുകയുള്ളതിനാൽ ആയതിന്റെ മുന്നിരുപ്പ് 2429002/- രൂപയാണ്.

31.10.2015-ൽ Scp,Tsp, KLGSDP, ധനകാര്യകമ്മീഷൻ അവാർഡ് എന്നീ ഇനങ്ങളിൽ ബാക്കിനിന്നിരുന്ന യഥാക്രമം 36,36,023/-, 30,500/-, 34,67,359/-,36,73,452/- എന്നിവയുടെ

ആകെ തുകയായ 1,08,07,334/- രൂപ വികസനഫണ്ട് (ജനറൽ) അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു. 31.03.2016-ൽ ഈ അക്കൗണ്ടുകളുടെയെല്ലാം നീക്കിബാക്കി ഇല്ലാതാവുകയും ചെയ്തിട്ടുണ്ട്.

അതുപോലെ മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ 31.10.2015-ന് അധികം വന്ന 6,74,309/-, റോഡിതരത്തിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് ചെലവഴിച്ചതിനാൽ ഈ ഇനങ്ങളിലെ നീക്കിബാക്കിയും 31.03.2016 ന് ഇല്ലാതായി.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 217 | 165 | 05 | 47 | 76 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 19 | 15 | 8142284 | 7296067 | 90 |
| അസിസ്റ്റന്റ് സെക്രട്ടറി | 17 | 10 | 4787685 | 2018585 | 42 |
| അസിസ്റ്റന്റ് എൻജിനീയർ | 137 | 106 | 35781572 | 25130478 | 70 |
| കൃഷി ഓഫീസർ | 5 | 5 | 1255750 | 655052 | 52.2 |
| വെറ്ററിനറി സർജൻ | 8 | 7 | 2672700 | 373732 | 14 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 4 | 4 | 997811 | 884383 | 89 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 100000 | 100000 | 100 |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 1 | 1 | 400000 | 400000 | 100 |
| വി.ഇ.ഒ/എൽ.വി.ഇ.ഒ | 13 | 10 | 8012700 | 4786600 | 60 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 7 | 4935345 | 3580453 | 73 |
| ഹെഡ് മാസ്റ്റർ | 4 | 3 | 1400000 | 667548 | 48 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 250000 | 250000 | 100 |

2015-16 വർഷം വാഴക്കുളം ഗ്രാമപഞ്ചായത്തിൽ ആകെ 217 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 165 എണ്ണം പൂർണ്ണമായും, 5 എണ്ണം ഭാഗികമായും നടപ്പാക്കി. 47 പ്രൊജക്ടുകൾ നടപ്പാക്കിയില്ല. നടപ്പാക്കാത്ത പ്രൊജക്ടുകളിൽ ഭൂരിഭാഗവും അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം

നടത്തേണ്ടുന്നവ ആയിരുന്നു. സാങ്കേതികവും, ഭൗതികവുമായ കാരണങ്ങളാലാണ് ഇപ്രകാരം സംഭവിച്ചത്. 137 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 106 പ്രൊജക്ടുകൾ ആണ് അസി.എൻജിനീയർ നിർവ്വഹണം നടത്തിയത്. നടപ്പാക്കാത്ത 31 പ്രൊജക്ടുകളിൽ 10 എണ്ണം എസ്.സി.പി ഫണ്ട് ഉപയോഗിച്ചിട്ടുള്ളതും, 21 എണ്ണം ജനറൽ ഫണ്ട് ഉപയോഗിച്ചിട്ടുള്ളതും ആയിരുന്നു.

കൃഷി ഓഫീസർ 52% തുക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം അടയ്ക്കാത്തതിനാലും, ഗുണഭോക്തൃ ലിസ്റ്റിലുള്ളവർ അവശ്യം വേണ്ട രേഖകൾ ഹാജരാക്കാത്തതിനാലും ആണ് കാർഷിക പ്രൊജക്ടുകളിൽ അധികവും നടപ്പാക്കാതെ പോയത്.

26,72,700/- രൂപ മൊത്തം അടങ്കൽ വെച്ച് അംഗീകാരം നേടിയിരുന്ന മൃഗസംരക്ഷണ മേഖലയിൽ 14% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്നത് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. കാർഷിക-മൃഗസംരക്ഷണ മേഖലകളിലെ ഈ അലംഭാവത്തിന് പ്രധാനകാരണം പ്രാദേശികവും, സാമൂഹികവുമായ ആവശ്യങ്ങൾ കണക്കിലെടുക്കാതെ പ്രൊജക്ടുകൾ തയ്യാറാക്കിയതാണ്.

80,12,700/- രൂപയുടെ അടങ്കൽ പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങി എൽ.വി.ഇ.ഒ നടപ്പാക്കിയ പ്രൊജക്ടുകളിൽ 60% മാത്രമാണ് പൂർത്തിയാക്കിയത്. വിവിധ പ്രൊജക്ടുകളിൽ ഗുണഭോക്താക്കൾ എഗ്രിമെന്റ് വെയ്ക്കാനെടുത്ത കാലതാമസവും,ആരംഭിച്ച പ്രൊജക്ടുകൾ തന്നെ പൂർത്തീകരിക്കാൻ എടുത്ത താമസവും ചെലവ് ശതമാനം കുറയാൻ കാരണമാക്കി.

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 11225800 | 14710704 | (+)3484904 | (+)31.04 |
| നികുതിയേതര വരവുകൾ | 3421238 | 2277769 | (-)1143469 | (-)33.42 |
| മറ്റ് വരവുകൾ | 232303 | 390659 | (+)158356 | (+)68.16 |
| ആകെ | 14879341 | 17379132 | 2499791 | (+)16.80 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 10 | 10 | - | - |
| 2 | തൊഴിൽ രഹിത വേതനം | 4 | 4 | - | - |

| | | | | | |
|---|---|---|---|---|---|
| 3 | വിധവാ പെൻഷൻ | 75 | 75 | - | - |
| 4 | വികലാംഗ പെൻഷൻ | 32 | 32 | - | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2 | 2 | - | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 273 | 273 | - | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.2016ന് സ്ഥാപനത്തിലെ (ഹെഡ്ക്ലാർക്ക്) സാന്നിദ്ധ്യത്തിൽ നടത്തി. 22405/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

## 1-10 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| തൊഴിൽ കാർഡ് നല്കപ്പെട്ടവർ | | | | തൊഴിൽ ആവശ്യപ്പെട്ട വരുടെ എണ്ണം | തൊഴിൽ നല്കപ്പെട്ട വരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|---|---|---|---|
| SC | ST | GEN | Total | | | SC | ST | GEN | Total | |
| 490 | 23 | 1412 | 1925 | 806 | 806 | 11090 | 461 | 23781 | 35332 | 28 |

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 158 |
| പൂർത്തീകരിച്ച ആകെ പ്രവൃത്തികൾ | 158 |

| മുന്നിരിപ്പ് | തൻവർഷവരവ് | | | ആകെ വരവ് | ചെലവ് | | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|
| | EFMS | ഭരണ ച്ചെലവു കൾക്കായുള്ളതുക (AFS പ്രകാരം) | ആകെ | | EFMS | ഭരണ ച്ചെലവു കൾക്കായുള്ളതുക (AFS പ്രകാരം) | ആകെ | |
| 156432.57 | 6920275 | 283890 | 7204165 | 7360597.57 | 6920275 | 438791 | 7359066 | 1531.57 |

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച | ഗുരുതരമായ ഓഡിറ്റ് |
|---|---|---|---|---|---|

| | | നടത്തിയ തീയ്യതി | | തീയ്യതി | പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 06.10.2016 | 2016 സെപ്റ്റംബർ | ലഭിച്ചിട്ടില്ല | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 29.11.2010 | 2005-06 മുതൽ 2009-10 | 08.01.2011 | ഇല്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് ഇല്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, 233 എന്നിവയ്ക്ക് വിരുദ്ധമായി 2015-16 ൽ താഴെ പറയുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചു വരുന്നത്.

| ക്രമ നം | രജിസ്ററർ പ്രകാരം ഉള്ള ക്രമ നം. | വാർഡ്/ കെട്ടിട നം. | പേര് | വ്യാപാരം |
|---|---|---|---|---|
| 1 | 48 | VI 62 B | സഫിയ അബ്ദുൾ റഹ്മാൻ മുളന്തിക്കൽ | ഹോളോ ബ്രിക്സ് നിർമ്മാണം |
| 2 | 66 | V 54 | ദിനേശ് കുമാർ പി.പി. പുരമന വീട് | പ്രിന്റിംഗ് വർക്ക് |
| 3 | 335 | X 123 D | ഷിഫാസ് അബ്ദുൾ കരീം എളവക്കാട്ട് | തറയോട് നിർമ്മാണം |
| 4 | 519 | XII 88 G H | റഫീക്ക് കെ എ മലയിടംതുരുത്ത് | പ്ലേ ബോയ് ഫിറ്റ്നസ് |
| 5 | 84 | IV 237 D | അനീസ് പി എം പുതുശ്ശേരി | മിനറൽ വാട്ടർ |

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതും എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-2 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി പിരിവ് നാമ മാത്രം

വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി വരവ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഹിന്ദാനിയ പ്ലാസ്റ്റിക്സ് , സൗത്ത് വാഴക്കുളം എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ

നികുതി ഒന്നാം അർദ്ധ വർഷം 2750/- രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2. ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ഏറെ സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ ജോലി ചെയ്യുന്നതായി അപേക്ഷകർ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഈ ജീവനക്കാരുടെ ലിസ്റ്റ് എഴുതി സൂക്ഷിക്കുകയോ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ചെയ്യുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | ഡി & ഒ ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | XV 582 B | കത്രീന ഫാഷൻ ബൊട്ടീക് | 4 |
| 2 | VIII 457 A | ചിറയത്ത് ഫുഡ് പ്രോഡക്ട്സ് | 2 |
| 3 | X 640 | അഷറഫ് വുഡ് ഇൻഡസ്ട്രീസ് | 3 |
| 4 | VIII 253 | ലീഡ്സ് അസോഷ്യേറ്റ്സ് | 2 |
| 5 | VIII 454 E | സ്റ്റാർ ഹൈടെക് ബ്ലോക്ക് | 6 |
| 6 | VIII 526 | മിത്രം ബേക്കറി | 6 |
| 7 | XVIII 257 C | ഹാഷിർ ഹോളോബ്രിക്സ് & മുന്ന എം സാൻഡ് | 5 |

ഡി & ഒ ലൈസൻസ് രജിസ്റ്ററിൽ 630സ്ഥാപനങ്ങളുടെ വിവരങ്ങൾ ചേർത്തിട്ടുണ്ടെങ്കിലും തൊഴിൽ നികുതി രജിസ്റ്ററിൽ 68സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ മാത്രമേ ചേർത്തിട്ടുള്ളൂ. അതിൽ ഏറെയും സർക്കാർ സ്ഥാപനങ്ങളാണ്. വളരെ കുറച്ച് സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഈടാക്കുന്നുള്ളൂ. തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 2-3 വാടക ഈടാക്കിയില്ല

വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ താഴെപ്പറയുന്ന വാടകക്കാരനിൽ നിന്നും 2014ഏപ്രിൽ മാസം മുതലുള്ള വാടക ഈടാക്കിയിട്ടില്ല. 31.03.2016 വരെ ടിയാളിൽ നിന്നും ഈടാക്കേണ്ടതായ വാടക ചുവടെ കണക്കാക്കിയിരിക്കുന്നു.

ശ്രീ ഹൈദ്രോസ് S/o മുഹമ്മദ്, കരിഞ്ചേരി വീട്,കാഞ്ഞൂർ

| വർഷം/മാസം | വാടക |
|---|---|
| 2014 ഏപ്രിൽ | 21900 |
| 2014 മെയ് | 21900 |

| | |
|---|---|
| 2014 ജൂൺ | 21900 |
| 2014 ജൂലൈ | 21900 |
| 2014 ആഗസ്റ്റ് | 21900 |
| 2014 സെപ്റ്റംബർ | 21900 |
| 2014 ഒക്ടോബർ | 21900 |
| 2014 നവംബർ | 21900 |
| 2014 ഡിസംബർ | 21900 |
| 2015 ജനവരി | 21900 |
| 2015 ഫെബ്രുവരി | 21900 |
| 2015 മാർച്ച് | 21900 |
| 2015 ഏപ്രിൽ | 21900 |
| 2015മെയ് | 21900 |
| 2015 ജൂൺ | 21900 |
| 2015 ജൂലൈ | 21900 |
| 2015 ആഗസ്റ്റ് | 21900 |
| 2015 സെപ്റ്റംബർ | 21900 |
| 2015 ഒക്ടോബർ | 21900 |
| 2015 നവംബർ | 21900 |
| 2015 ഡിസംബർ | 21900 |
| 2016 ജനവരി | 21900 |
| 2016 ഫെബ്രുവരി | 21900 |
| 2016 മാർച്ച് | 21900 |
| ആകെ | 525600 |

2015-16 കാലയളവ് വരെ മാത്രം 525600/-രൂപ വാടകയും തുക അടയ്ക്കുന്നതുവരെയുള്ള 12% പിഴപ്പലിശയും ടിയാളിൽ നിന്നും ഈടാക്കുവാൻ ഉണ്ട്.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.5-ൽ vii/713F എന്ന മുറിയുടെ വാടകക്കാരനായിരുന്ന ശ്രീ. മാഹിൻകുട്ടി എന്നയാൾ 2014 ജൂൺ മുതൽ 2016 മാർച്ച് വരെയുള്ള കാലയളവിലെ വാടകക്കുടിശ്ശിക പലിശ സഹിതം 5,37,204/- രൂപ അടയ്ക്കുവാനുണ്ടെന്ന് കാണിച്ചിരുന്നു. ഇതിൽ 481800/- യഥാക്രമം രസീത് നം. 11601101910/ 28.06.16 , 11601101912/28.06.16 എന്നിവ പ്രകാരം അടച്ചിട്ടുണ്ടെന്ന് മറുപടി ലഭിച്ചു.

ശ്രീ. മാഹിൻകുട്ടിയിൽ നിന്നും 28.06.2016 വരെയുള്ള പിഴപ്പലിശ ഉൾപ്പെടെയുള്ള ബാക്കി തുകയും ശ്രീ.ഹൈദ്രോസിൽ നിന്നും വാടകക്കുടിശ്ശിക അടയ്ക്കുന്നതുവരെയുള്ള പിഴപ്പലിശ ഉൾപ്പെടെയുള്ള

തുകയും ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 സേവന നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 200(2), 1995 ലെ കേരള പഞ്ചായത്ത് രാജ് സേവന നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിലെ കെട്ടിടങ്ങളുടേയോ വസ്തുക്കളുടേയോ വാർഷിക മൂല്യത്തിന്റെ നിശ്ചിത ശതമാനം സേവന നികുതിയായി ഈടാക്കാവുന്നതാണ്. ശുചിത്വ പരിപാലനത്തിന് 1 ശതമാനത്തിലും ജലവിതരണത്തിന് 2 ശതമാനത്തിലും തെരുവിളക്ക് കത്തിക്കുന്നതിന് 2 ശതമാനത്തിലും ഡ്രെയിനേജ്, സ്കാവഞ്ചിങ് എന്നിവയ്ക്ക് 1 ശതമാനത്തിലും അധികമാകാത്ത തുക ഇപ്രകാരം ഈടാക്കാവുന്നതാണ്.

2015-16 വർഷം തെരുവ്വിളക്ക്, ജലസേചനം എന്നീ സേവനങ്ങൾക്കായി യഥാക്രമം 33,12,413/- രൂപ,28,71,173 രൂപ ഉൾപ്പെടെ 61,83,586/- രൂപ വാഴക്കുളം ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ പഞ്ചായത്ത് സേവന നികുതി ഡിമാന്റ് ചെയ്തിട്ടില്ല. സേവന നികുതി ഈടാക്കുന്നത് വഴി തനത് വരുമാനം വർദ്ധിപ്പിക്കുവാനും അതുവഴി കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്തുവാനും സാധിക്കും എന്നതിനാൽ പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധ ഈകാര്യത്തിലേക്ക് ക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിലെ പ്രോജക്ടുകൾ നടപ്പിലാക്കിയതിലെ വീഴ്ചകൾ

പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിനായി 47,87,585/- രൂപ അടങ്കലിൽ 17 പ്രോജക്ടുകളാണ് 2015-16 ൽ വിഭാവനം ചെയ്തത്. പട്ടിക വർഗ്ഗ വിഭാഗത്തിനായുള്ള 6 പ്രോജക്ടുകളിൽ IAY പഞ്ചായത്ത് വിഹിതം നൽകുന്നതിനായുള്ള 03/16 എന്ന പ്രോജക്ട് മാത്രമാണ് പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞത്. ഒരെണ്ണം ഭാഗികമായി നടപ്പാക്കുകയും 04 പ്രോജക്ടുകൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുമില്ല. പ്രോജക്ട് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

പട്ടിക 1

<u>പട്ടിക വർഗ്ഗവിഭാഗം</u>

ആകെ അടങ്കൽ : 745500

ആകെ ചെലവ് : 57500

ചെലവ് ശതമാനം : 7.7%

| പ്രോജക്ട് നം./പേര് | അടങ്കൽ തുക | ചെലവ് |
|---|---|---|
| S 3/16-IAY പഞ്ചായത്ത് വിഹിതം | 32500 | 32500 |
| S 33/16- 10 ാം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകൽ | 30000 | 0 |
| S 35/16 സ്ഥലം വാങ്ങലിന് ധനസഹായം | 450000 | 0 |

| | | |
|---|---|---|
| S 36/16 കുടിവെള്ള കിണർ | 60000 | 0 |
| SO 130/16 വീട് പുനരുദ്ധാരണം | 125000 | 25000 |
| S 239/16 വിദ്യാർത്ഥികൾക്കുള്ള മേശയും കസേരയും | 48000 | 0 |
| ആകെ | 5942185/- | 57500/- |

<u>പട്ടിക ജാതിവിഭാഗം</u>

ആകെ അടങ്കൽ : 5942185/-

ആകെ ചെലവ് : 1961085/-

ചെലവ് ശതമാനം : 33%

| പ്രോജക്റ്റ് നം./ പേര് | അടങ്കൽ തുക | ചെലവ് |
|---|---|---|
| എസ് സി വിഭാഗം | | |
| S 4/16 -IAY പഞ്ചായത്ത് വിഹിതം | 4,60,000 | 4,60,000 |
| S 30/16 - വീട് പുനരുദ്ധാരണം | 5,00,000 | 4,75,000 |
| S 31/16 – പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് സൈക്കിൾ | 1,20,000 | 0 |
| S 32/16 – ഭവന നിർമ്മാണം | 5,50,000 | 1,80,000 |
| S 34/16 – വിവാഹ ധനസഹായം | 5,00,000 | 4,00,000 |
| S 46/16 – വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം | 10,00,000 | 0 |
| S 99/16 – പട്ടികജാതി സഹകരണ സംഘങ്ങൾക്ക് ധനസഹായം | 1,00,000 | 0 |
| SO 129/16 – വീട് പുനരുദ്ധാരണം | 2,91,985 | 2,91,985 |
| SO 131/16 – സാനിറ്ററി യൂണിറ്റ് | 2,161,800 | 1,23,200 |
| SO 132/16 – വിദ്യാർത്ഥികൾക്ക് എൻട്രൻസ് പഠനത്തിന് ധനസഹായം | 150700 | 5000 |
| SO 133/16 – വിദ്യാർത്ഥികൾക്ക് മേശയും കസേരയും | 1,07,700 | 25,900 |
| ആകെ | 40,42,185 | 1961085 |

ആകെ അടങ്കൽ - 4787685/-

ആകെ ചെലവ് - 2018585/-

ചെലവ് ശതമാനം - 42.16 %

വിദ്യാർത്ഥികൾക്കായി വിഭാവനം ചെയ്ത പ്രോജക്ടുകൾ നടപ്പിലാക്കിയില്ല എന്നത് ഖേദകരവും , ഗൗരവതരവുമാണ്. സ്പിൽ ഓവറായി നടപ്പിലാക്കിയ പ്രോജക്ടുകൾ പോലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പ്രോജക്ടുകളും പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് എല്ലാ പ്രോജക്ടുകൾക്കും ഉണ്ടായിരുന്നു. അപേക്ഷകർ ഉണ്ടായിട്ടും ഒരാൾക്ക് മാത്രമാണ് ആനുകൂല്യം നൽകിയത്. S-239/16നും ലഭിച്ച അപേക്ഷകളിൽ തീരുമാനമെടുത്തിട്ടില്ല. വിവിധ പ്രോജക്ടുകൾക്ക് ലഭിച്ച അപേക്ഷകൾ നിരസിച്ചതിന്റെ കാരണം രേഖപ്പെടുത്തിയില്ല.

സാമ്പത്തിക സാമൂഹിക ഉന്നതി ലക്ഷ്യമാക്കി പിന്നോക്ക വിഭാഗങ്ങൾക്കായിവിഭാവനം ചെയ്ത പ്രോജക്ടുകൾ നടപ്പിലാക്കിയത് കാര്യക്ഷമമായല്ല. സർക്കാർ ധനസഹായം അർഹരായവർക്ക് പ്രയോജനപ്പെടുത്തുന്നതിന് പഞ്ചായത്ത് പരാജയപ്പെട്ടു. തികച്ചും പിന്നോക്കാവസ്ഥയിൽ

ജീവിക്കുന്ന ഒരു വിഭാഗം പട്ടികവർഗ്ഗക്കാർ ഈ പഞ്ചായത്തിലുണ്ടെങ്കിലും അർഹരായവർക്ക് പോലും ആനുകൂല്യം ലഭിച്ചെന്നുറപ്പാക്കാൻ ഭരണസമിതിയും നിർവ്വഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ് സെക്രട്ടറിയും ശ്രമിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോ ദ്യോഗസ്ഥ നൽകിയ മറുപടിയും തൃപ്തികരമല്ല. ദരിദ്രരായ ഗുണഭോക്താക്കളിൽ നിന്നും അപേക്ഷയോടൊപ്പം നിരവധി രേഖകളും (വരുമാന സർട്ടിഫിക്കറ്റ് , ജാതി സർട്ടിഫിക്കറ്റ് എന്നിവ)വാങ്ങിയ ശേഷവും വ്യക്തമായ കാരണമില്ലാതെ ആനുകൂല്യങ്ങൾ നിഷേധിക്കുന്നു എന്നത് ശ്രദ്ധേയമാണ്.

## 3-2 ഭവനനിർമ്മാണം പണി പൂർത്തീകരിച്ചിട്ടില്ല

വാഴക്കുളം ഗ്രാമപഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ ഭവനനിർമ്മാണ പദ്ധതികളിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല.

| പ്രോജക്ടിന്റെ പേര്/നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | അവസാനം കൈപ്പറ്റിയ തുക | ബാക്കി തുക(രൂ.) |
|---|---|---|---|---|---|
| ഇന്ദിരാപ്രിയദർശിനി ഭവന നിർമ്മാണം | എൽ വി ഇ ഒ | മിനി മനോജ് കീഴ്പ്പാറക്കുടി സൗത്ത് വാഴക്കുളം വാർഡ് XVIII | 80000/-രൂ. | 40000/-രൂ. ബാങ്ക് ട്രാൻസ്ഫർ 28.03.16 | 120000 |
| അശരണ വനിതാ ഭവന നിർമ്മാണം | എൽ വി ഇ ഒ | ഖദീജ ചേലപ്പിള്ളിൽ മുടിക്കൽ പി ഒ | 20000/-രൂ. | 20000/-രൂ. ഡി ഡി നം.148475 തീ.22.03.16 | 180000 |
| അശരണ വനിതാ ഭവന നിർമ്മാണം | എൽ വി ഇ ഒ | സജ്ന ആമിനക്കുടി മാറംപള്ളി പി ഒ | 40000/-രൂ. | 40000/-രൂ. ഡി ഡി നം.148476 തീ.22.03.16 | 160000 |
| ആശ്രയ ഭവനനിർമ്മാണം | എൽ വി ഇ ഒ | സുഹറബീവി കെ എച്ച് നീലങ്ങത്ത് മുടിക്കൽ പി ഒ | 20000/-രൂ. | 20000/-രൂ.ഡി ഡി നം.146605 തീ.18.02.16 | 180000 |
| എസ് സി ഭവന നിർമ്മാണം | അസിസ്റ്റന്റ് സെക്രട്ടറി | അരുൺ പി കെ പുളിന്താനം വാർഡ് III | 90000/-രൂ. | ചെക്ക് നം.149646 തീ.30.03.16 | 2,10000 |
| എസ് സി ഭവന നിർമ്മാണം | അസിസ്റ്റന്റ് സെക്രട്ടറി | രവി സി എ ചുടലപ്പറമ്പിൽ വാർഡ് IX | 90000/-രൂ. | ചെക്ക് നം.149647 തീ.30.03.16 | 2.10000 |

മേല്പ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തീകരിക്കാത്തപക്ഷം നാളിതുവരെ കൈപ്പറ്റിയ തുക ടി ഗുണഭോക്താക്കളിൽ നിന്ന് പലിശസഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 3-3 വിനിയോഗ സർട്ടിഫിക്കറ്റില്ല – ചെലവ് - തടസ്സപ്പെടുത്തുന്നു.

വാഴക്കുളം ഗ്രാമ പഞ്ചായത്തിലെ 2015-16 സാമ്പത്തിക വർഷത്തെ താഴെ പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടവാക്കിയ തുക/ ഡി ഡി നം.ട്രഷറി ബിൽ നം. | ഡെപ്പോസിറ്റ് ചെയ്യപ്പെട്ട സ്ഥാപനം | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|---|
| 1 | KSLMA യ്ക്ക് സാക്ഷരതാ തുല്യതാ ഫീസ് നൽകൽ | ഹെഡ് മാസ്റ്റർ | 69000/-രൂ 151495/ 08.03.16 | ജില്ലാ കോ-ഓർഡിനേറ്റർ സാക്ഷരതാ മിഷൻ | വിനിയോഗ സാക്ഷ്യപത്രം |
| 2 | എസ് എസ് എ വിഹിതം നൽകൽ | ഹെഡ് മാസ്റ്റർ | 500000/-രൂ 228009 /16.10.15 | ജില്ലാ കോ-ഓർഡിനേറ്റർ എസ്.എസ്.എ | വിനിയോഗ സാക്ഷ്യപത്രം |
| 3 | IAY ഭവന നിർമ്മാണം 85/16 പഞ്ചായത്ത് വിഹിതം നൽകിയത് | വി ഇ ഒ | 760000/-രൂ 142898/ 30.11.15 | സെക്രട്ടറി വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് | വിനിയോഗ സാക്ഷ്യപത്രം, ഗുണഭോക്താക്കളുടെ ലിസ്റ്റ് |
| 4 | പ്രൊ.നം. എസ്019/16 വിവിധ വാർഡുകളിലെ വൈദ്യുത ലൈൻ നീട്ടൽ | സെക്രട്ടറി | 5,21,358/-1)1 /1516/ 17.7.15 2)2/15-16/ 21.7.15 3)17/15-16 29.1.15 4)29/15-16 26.3.16 5)30/15-16 30.3.16 | അസിസ്റ്റന്റ് എൻജിനീയർ കെ.എസ്.ഇ.ബി വാഴക്കുളം | വിനിയോഗ സാക്ഷ്യപത്രം |
| 5 | പ്രൊ.നം. എസ്019/16 5-ാം വാർഡിലെ വൈദ്യുത ലൈൻ മാറ്റൽ | സെക്രട്ടറി | 19,820/- 21/15-16 30.1.16 | അസിസ്റ്റന്റ് എൻജിനീയർ കെ.എസ്.ഇ.ബി വാഴക്കുളം | വിനിയോഗ സാക്ഷ്യപത്രം |
| 6 | എസ്240/16 IAY ഭവന നിർമ്മാണം-പട്ടികജാതി വിഭാഗം /16 പഞ്ചായത്ത് വിഹിതം നൽകിയത് | സെക്രട്ടറി | 9,50,000/- 33/15-16/ 5.2.16 | സെക്രട്ടറി വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് | വിനിയോഗ സാക്ഷ്യപത്രം, ഗുണഭോക്താക്കളുടെ ലിസ്റ്റ് |

| | | | | | |
|---|---|---|---|---|---|
| | ആകെ | | 28,20,178/- | | |

## 3-4 സി.പി.ഡബ്ലിയു.ഡി. സ്പെസിഫിക്കേഷനില്ലാത്ത പ്രവൃത്തിയിനം.- സ്പഷ്ടീകരണം ആവശ്യം

വാഴക്കുളം ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ സി.പി.ഡബ്ലിയു.ഡി. സ്പെസിഫിക്കേഷൻ 13.16.1. 6mm cement plaster of mix 1:3 (1 cement : 3 fine sand) എന്ന ഇനത്തിൽ 6mm കനത്തിൽ പ്ലാസ്റ്ററിംഗ് നടത്തുന്നതിന് 9mm കനം കണക്കാക്കി ഡാറ്റാ തയ്യാറാക്കി ആയതിന്റെ നിരക്കിലാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്.

സി.പി.ഡബ്ലിയു.ഡി. സ്പെസിഫിക്കേഷൻ 13.16.1. 6mm cement plaster of mix 1:3 (1 cement : 3 fine sand) എന്ന ഇനത്തിന്റെ DSR നിരക്കിനോട് കോസ്റ്റ് ഇൻഡക്സ് ചേർത്ത നിരക്കും വിവിധ പ്രവൃത്തികളിൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിന് നൽകിയ നിരക്കും താഴെ ചേർക്കുന്നു.

| 13.16.1. | DSR നിരക്ക് | | ഗ്രാമപഞ്ചായത്ത് നൽകിയ നിരക്ക് | |
|---|---|---|---|---|
| | With CPOH | without CPOH | with CPOH | without CPOH |
| 10sqmന് വാട്ടർ ചാർജ്ജ് ഉൾപ്പെടെയുള്ള നിരക്ക് | 1171.36 | 1171.36 | 1333.828 | 1333.828 |
| (+) 15% CPOH | 175.70 | 0 | 200.0742 | 0 |
| 10sqm ന് ആകെ | 1347.06 | 1171.36 | 1533.902 | 1333.828 |
| 1sqm ന് | 134.71 | 117.14 | 153.39 | 133.3828 |
| Say | 134.70 | 117.14 | 153.40 | 133.4 |
| 1sqm ന്കോസ്റ്റ് ഇൻഡക്സ് 1.3905 ചേർക്കുമ്പോൾ | 187.30 | 162.88 | 213.30 | 185.4927 |
| Say | 187.30 | 162.80 | 213.30 | 185.50 |

എന്നാൽ സി.പി.ഡബ്ലിയു.ഡി. സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തി നിരക്ക് കണക്കാക്കേണ്ട സാഹചര്യം എസ്റ്റിമേറ്റ് റിപ്പോർട്ടിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല. ഇത്തരത്തിൽ അധികനിരക്ക് നൽകിയ പ്രവൃത്തികളുടെ വിശദാംശം താഴെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | എസ്റ്റിമേറ്റ് ഇനം നം./ അളവുപുസ്തകം നമ്പർ | കരാറുകാരന്റെ /കൺവീനറുടെ പേര് | നല്കിയ തുക | അനുവദിക്കാവുന്ന തുക | അധികം അനുവദിച്ച തുക | ചെലവ് വിവരം |
|---|---|---|---|---|---|---|
| S00223/16 കല്ലേലി റോഡ് കോൺക്രീറ്റിംഗ് | 12 MB .58/AEE /LSGD/15-16 Page.No. 9 | കൺവീനർ ജോർജ് നമനാരി | 185.5x 47.6=8829.80 | 162.8 x 47.6= 7749.28 | 1080.52 | ബിൽ നമ്പർ 30/15-16/ 28.2.2016 ഫൈനൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ബിൽ തുക 3,55,732/- |
| S0021/16 വടക്കനേത്തി കാന നിർമ്മാണം | 5 MB .52/AEE /LSGD/15-16 Page.No. 8 | കൺവീനർ | 185.5x 24.20=4489.1 | 162.8 x 24.20= 3939.76 | 549.34 | ബിൽ നമ്പർ 109/15-16/ 31.3.2016 ഫൈനൽ ബിൽ തുക 1,83,588/- |

ഇപ്രകാരം സി.പി.ഡബ്ലിയു.ഡി. സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തി അധികം നിരക്ക് കണക്കാക്കിയതിന്റെ സാഹചര്യം വിശദീകരിക്കുവാനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ സൈറ്റ് കണ്ടീഷന്റെയടിസ്ഥാനത്തിൽ ഒബ്സർവ്ഡ് ഡാറ്റാ തയ്യാറാക്കി അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എൻജിനീയറുടെ സാങ്കേതികാനുമതി വാങ്ങിയാണ് കാനയുടെ ഉൾഭിത്തിയുടെ കനം 9mm നിരക്കിൽ ചെയ്തത് എന്നാണ് വിശദീകരിച്ചിരിക്കുന്നത്.

എന്നിരുന്നാലും ഈ പ്രവൃത്തിക്ക് സി.പി.ഡബ്ലിയു.ഡി. അംഗീകരിച്ച ഡാറ്റാ നിലവിലുള്ളപ്പോൾ പ്രസ്തുത സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തി പ്രാദേശികമായി തയ്യാറാക്കിയ ഒരു ഡാറ്റായുടെ അടിസ്ഥാനത്തിൽ ചെയ്തതിന് ക്ഷമതയുള്ള അധികാരിയിൽ നിന്ന് സാധൂകരണം വാങ്ങേണ്ടതാണ്.

## 3-5 ദീർഘവീക്ഷണമില്ലാത്ത ആസൂത്രണം - 25% മരാമത്ത് പ്രവൃത്തികൾ നടപ്പായില്ല

2015-16 വർഷം 137 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 106 പ്രൊജക്ടുകൾ ആണ് അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയത്. നടപ്പാക്കാത്ത 31 പ്രൊജക്ടുകളിൽ 10 എണ്ണം എസ്.സി.പി ഫണ്ട് ഉപയോഗിച്ചിട്ടുള്ളതും, 21 എണ്ണം ജനറൽ ഫണ്ട് ഉപയോഗിച്ചിട്ടുള്ളതും ആയിരുന്നു.

വിവിധ എസ്.സി കോളനികളിൽ നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്ന ഈ പ്രൊജക്ടുകളിൽ പലതിനും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാലും, ചില പദ്ധതി പ്രദേശങ്ങളിൽ പഞ്ചായത്ത് ചെയ്യാൻ ഉദ്ദേശിച്ചിരുന്ന പ്രവൃത്തികൾ മുൻകാലങ്ങളിൽ ജില്ലാ/ ബ്ലോക്ക് പഞ്ചായത്തുകൾ ചെയ്ത് പോയതുകൊണ്ടും ഈ പ്രൊജക്ടുകൾ ഉപേക്ഷിക്കേണ്ടി വന്നു. കോളനികളിലെ വ്യക്തിഗത ഗുണഭോക്താക്കൾക്കായി സൈഡ് വാൾകെട്ടൽ, മണ്ണ് സംരക്ഷണം തുടങ്ങിയ പ്രവൃത്തികൾ മുടങ്ങാൻ പ്രാദേശികപ്രശ്നങ്ങളും കാരണമായി. ദീർഘവീക്ഷണമില്ലാത്ത ആസൂത്രണവും, വാർഡുകൾ തോറുമുള്ള ഫണ്ട് വീതംവെയ്പും പദ്ധതികൾ നടപ്പാക്കാതെയിരിക്കാൻ കാരണമായി.

നടപ്പാക്കാതെ പോയ 21 ജനറൽ പദ്ധതികൾക്കും കാരണം ലക്ഷ്യമില്ലാത്ത ആസൂത്രണം തന്നെയാണ്. കനാലുകളുടെ സൈഡ് റോഡ് നിർമ്മാണത്തിന് ഇറിഗേഷൻ വകുപ്പിന്റെ അനുമതി (NOC) ലഭിക്കാത്തതും, കുഴൽക്കിണറുകളുടെ നിർമ്മാണത്തിന് ഗ്രൗണ്ട് വാട്ടർ അതോറിട്ടിയുടെ അനുമതി ഇല്ലാത്തതും പദ്ധതികളുടെ നിർവ്വഹണതടസ്സത്തിന് കാരണമായി.

ടാറിംഗ് ഇല്ലാതെ മെറ്റലിംഗ് മാത്രം ചെയ്ത് അപൂർണ്ണമായ റോഡുകൾ 4 എണ്ണമാണ് ഈ സാമ്പത്തികവർഷം ചെയ്തത്. ഇവയുടെ പൂർത്തീകരണത്തിന് തുടർവർഷങ്ങളിൽ ഫണ്ട് കണ്ടെത്തേണ്ടി വരുന്നു. ചില പ്രൊജക്ടുകളിൽ 2-ാം മെറ്റലിംഗ് കഴിഞ്ഞ് നാലോ,അഞ്ചോ വർഷം കഴിയുമ്പോഴാണ് ടാറിംഗിനു ഫണ്ട് അനുവദിക്കുന്നത്. ഈ റോഡുകളിൽ റീമെറ്റലിംഗ് മാത്രമല്ല ചില ഭാഗങ്ങളിൽ സബ് ബേസ് മെറ്റലിംഗും, ബേസ് മെറ്റലിംഗും കൂടി ചെയ്യേണ്ടിവരുന്നു. ഇതെല്ലാം

ദീർഘവീക്ഷണമില്ലാത്ത ആസൂത്രണം കാരണമാണ്.

ഈ സാഹചര്യത്തിൽ മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം,നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിൽ പൊതുമരാമത്ത് സ്റ്റാൻറിംഗ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി എന്നിവരുടെ മേൽനോട്ടം അത്യന്താപേക്ഷിതമാണ്.

## 3-6 ആശ്രയ പദ്ധതി- ഭൗതികലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെട്ടു

ആശ്രയ പദ്ധതിക്ക് 2 ഘട്ടങ്ങളിലായി പ്രൊജക്ട് തയ്യാറാക്കിയെങ്കിലും, ആയതുപ്രകാരമുള്ള ഉപഘടകപദ്ധതികൾ നടപ്പിലാക്കാൻ പഞ്ചായത്ത് ശ്രമിച്ചിട്ടില്ല. പഞ്ചായത്തിൽ അഗതികളായി 40 കുടുംബങ്ങൾ ഉണ്ട് എന്നാണ് സർവ്വേ യിൽ കണ്ടെത്തിയിരിക്കുന്നത്.

സർവ്വേയിൽ കണ്ടെത്തിയ വസ്തുതകൾ പ്രകാരം തയ്യാറാക്കിയ പ്രൊജക്ടുകളിൽ ഉദ്ദേശിച്ച ഭൗതികലക്ഷ്യം താഴെ പ്പറയുന്നു.

| ഇനം | ഒന്നാം ഘട്ടം പ്രൊജക്ട് | രണ്ടാം ഘട്ടം പ്രൊജക്ട് |
|---|---|---|
| വീടുവെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 7 | 8 |
| വീട് ആവശ്യമുള്ളവർ | 10 | 16 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 11 | 7 |
| കക്കൂസ് ആവശ്യമുള്ളവർ | 6 | 6 |
| കുടിവെള്ളം ആവശ്യമുള്ളവർ | 9 | 19 |
| വൈദ്യുതി ആവശ്യമുള്ളവർ | 6 | - |

ഭവനപുനരുദ്ധാരണ പദ്ധതിയിൽ 25,000/- ചെലവഴിച്ചതല്ലാതെ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്ത ഒരു ഘടകപദ്ധതിയും ചെയ്തിട്ടില്ല. ഇതു കൂടാതെ ആശ്രയ ചലഞ്ച് ഫണ്ട് ഇനത്തിൽ ലഭിച്ച തുക ഉപയോഗിച്ച് ഭക്ഷണം മാത്രമേ നല്കിയിട്ടുള്ളൂ. മരുന്ന്, വസ്ത്രം എന്നിവ നല്കിയിട്ടില്ല.

ഈ രണ്ട് ഘട്ടങ്ങളിലായി വിഭാവനം ചെയ്ത പ്രൊജക്ടുകളിലെ ഭൗതികലക്ഷ്യം കൈവരിക്കാനും, അതുവഴി അശരണരായ ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നതിലും,സാമൂഹ്യനീതി ഉറപ്പാക്കുന്നതിലും പഞ്ചായത്ത് പരാജയപ്പെട്ടു എന്ന് വിലയിരുത്തേണ്ടി വരുന്നു.

## 3-7 പൊതുടാപ്പുകളുടെ എണ്ണം- സംയുക്തപരിശോധന നടത്തിയിട്ടില്ല.

വാഴക്കുളം ഗ്രാമപഞ്ചായത്തിലെ 597 പൊതുടാപ്പുകൾക്ക് പ്രതിമാസം ടാപ്പൊന്നിന് 5250/- രൂപ നിരക്കിൽ 2015-1 6 സാമ്പത്തികവർഷം ആകെ 28,71,183/- രൂപ ചെലവായിട്ടുണ്ട്. പ്രതിമാസം 2,61,188/- രൂപയാണ് ഈയിനത്തിൽ ചെലവഴിക്കുന്നത്. പെരിയാറിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന ജലസമൃദ്ധമായ ഒരു ഭൂപ്രദേശം എന്ന നിലയ്ക്ക് 597 പൊതുടാപ്പുകൾ ആവശ്യമുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്. പൊതുടാപ്പുകളുടെ എണ്ണം ജലഅതോറിട്ടിയുടെ സഹായത്തോടെ തിട്ടപ്പെടുത്താനുള്ള സംയുക്തപരിശോധന സ.ഉ(സാ.) നം. 1275/09 ത.സ്വ.ഭ.വ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് നടത്തി, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടാപ്പുകളുടെ എണ്ണംതിട്ടപ്പെടുത്തേണ്ടതാണ്.

## 3-8 വൈദ്യുതി നിരക്ക് - തെറ്റായ താരിഫ് നിർണ്ണയം ക്രമീകരിക്കേണ്ടതാണ്.

വാഴക്കുളം ഗ്രാമ പഞ്ചായത്ത് ഓഫീസ് (കൺസ്യൂമർ നം. 79),കമ്മ്യൂണിറ്റി ഹാൾ (കൺസ്യൂമർ നം.18654) എന്നിവയുടെ വൈദ്യുതി താരിഫ് നിലവിലെ ബിൽ അനുസരിച്ച് യഥാക്രമം LT 6 F, LT 7 B എന്നിവയാണ്. എന്നാൽ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ OP No. 9/14 തീയതി 14.08.2014 ലെ താരിഫ് പ്രകാരം സർക്കാർ കെട്ടിടങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, അവയുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ എന്നിവയ്ക്ക് LT 6 B താരിഫാണ് ബാധകം.LT 6F എന്നത് സ്വകാര്യ ആശുപത്രികൾ, സ്വകാര്യ ലാബുകൾ തുടങ്ങി സേവന മേഖലയിലെ സ്വകാര്യ സ്ഥാപനങ്ങളുടേതും LT 7 എന്നത് കൊമേഴ്സ്യൽ താരിഫുമാണ്. LT 6 (B) , LT 7 B , LT 6 F എന്നിവയുടെ താരിഫ് താഴെ ചേർക്കുന്നു.

| താരിഫ് | LT-VI B | LT-7 | 6-F |
|---|---|---|---|
| ഫിക്സഡ് ചാർജ്ജ് സിംഗിൾ ഫേസ് | 70 | 60 | 60 |
| എനർജി ചാർജ്ജ് 3 ഫേസ് | | 120 | 120 |
| Rs/KW/Month | | | |
| 100 യൂണിറ്റ് വരെ | | 6.00 | 5.80 |
| 200യൂണിറ്റ് വരെ | | 6.70 | 6.50 |
| 300യൂണിറ്റ് വരെ | | 7.40 | 7.20 |
| 500യൂണിറ്റ് വരെ | 6.30 | 8.00 | 7.80 |
| 500യൂണിറ്റിന് മുകളിൽ | 7.00 | 9.30 | 9.00 |

കൺസ്യൂമർ നമ്പർ 79 ന് 6775/-KW കണക്റ്റഡ് ലോഡും, ഫിക്സഡ് ചാർജ്ജിനത്തിൽ 1680/- രൂപയാണ് പരിശോധിച്ച ബില്ലുകളിൽ കാണാൻ കഴിഞ്ഞത്. കൺസ്യൂമർ നമ്പർ 18654 നം 6100-6300 KW നുമിടയിൽ കണക്റ്റഡ് ലോഡ് വരുന്നുണ്ട്. കൺസ്യൂമർ നമ്പർ 79 ന് ശരാശരി 850 യൂണിറ്റും, കൺസ്യൂമർ നമ്പർ 79 ന് ശരാശരി 450 യൂണിറ്റുമാണ് ഒരു ബിൽ കാലയളവിലെ ഉപഭോഗം. അർഹതയുള്ള LT 6B താരിഫ് അനുസരിച്ച് 500 യൂണിറ്റ് വരെ 6.30 രൂപയും 500യൂണിറ്റിന് മുകളിൽ 7 രൂപയുമാണ്. എന്നാൽ 6 F, 7 B എന്നിവയ്ക്ക് 300 യൂണിറ്റിനു മുകളിൽ യഥാക്രമം 7.20 രൂ. 7.40രൂ. എന്നിങ്ങനെയാണെന്ന് കാണാവുന്നതാണ്. തെറ്റായ താരിഫ് നിർണ്ണയം KSEB യെ അറിയിച്ച് ഈയിനത്തിലുള്ള അധികച്ചെലവ് ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കി യിരിപ്പ് |
|---|---|---|---|---|
| സി.ഡി.പി.ഒ-കേന്ദ്രവിഹിതം | 531417 | അങ്കണവാടികൾക്ക് പോഷകാഹാരം എസ് 0135/16, എസ് 002/16 | 531417 | 0 |

| | | | | |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 207725 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് എസ് 024/16 | 207725 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 263500 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് എസ് 024/16 | 263500 | 0 |

# 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെഎസ്ഇബി | വിവിധ വാർഡുകളിലെ വൈദ്യുതലൈൻ നീട്ടൽ പ്രവൃത്തികൾ എസ് 019/16 | 1)1/15-16/ 17.7.15 2)2/15-16/ 21.7.15 3)17/15-16/ 29.1.16 4)22/15-16/ 30.1.16 5)29/15-16/ 26.3.16 6)30/15-16/ 30.3.16 | 521358 | - | ലഭ്യമായിട്ടില്ല | - |
| കെഎസ്ഇബി | വാർഡ് 5-ലെ വൈദ്യുതലൈൻ മാറ്റൽ പ്രവൃത്തി എസ് 240/16 | 21/15-16 30.1.16 | 19820 | - | ലഭ്യമായിട്ടില്ല | - |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് -

ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

.(i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

| ക്രമ നം. | 2015-16 ൽ ലഭിച്ച | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ | വിനിയോഗിക്കാനവശേഷി | ഉദ്ദേശ്യലക്ഷ്യം നേടിയത് സംബന്ധിച്ച |
|---|---|---|---|---|---|

| | വായ്പ | | ചെലവഴിച്ച തുക | യ്ക്കുന്നത് | വിവരം. |
|---|---|---|---|---|---|
| 1 | 13,00,000 | ഭവനനിർമ്മാണം (ജനറൽ) | 13,00,000 | 0 | ഭവനനിർമ്മാണം(ജനറൽ) എന്ന പദ്ധതി പ്രകാരം മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നല്കി |

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഭവന നിർമ്മാണം (ജനറൽ) KURDFC | സർക്കാർ കത്ത് 63430/ ഡി.ബി./13 ത.സ്വ.ഭ.വ 25.10.13 | 95,00,000 | 83,00,000 | 1450000 | 9,75,976 | 68,50,000 |
| 2 | | 20.07.15 | 13,00,000 | | | | 13,00,000 |
| | ആകെ | | | | | | 81,50,000 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 35,56,141 |
| തൻവർഷം നിക്ഷേപിച്ച തുക | 304752 |
| ആകെ | 38,60,893 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 38,60,893 |

(2015-16)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| എറണാകുളം ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്, പെരുമ്പാവൂർ | 282089 | രസീത് നം.193472 |
| | 444923 | രസീത് നം. 193480 |
| | 154347 | രസീത് നം.193481 |
| | 579857 | രസീത് നം.193482 |
| | 573236 | രസീത് നം. 193483 |

| | | |
|---|---|---|
| | 465887 | രസീത് നം. 193484 |
| | 888338 | രസീത് നം.037624 |
| | 472216 | രസീത് നം. 037625 |
| | | |
| | 3860893 | |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുകയൊന്നും വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2012-13 | 2013-14 3.3.6 | വിഷയാധിഷ്ഠത അവലോകനം- ആരോഗ്യരംഗത്തെ തദ്ദേശസ്ഥാപന ഇടപെടൽ- പിഎച്ച്സി വാഴക്കുളം | നിയമസഭാസമിതി തെളിവെടുപ്പ് നടന്നിട്ടില്ല. |

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർട്ടേഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രി കളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ച തിൻെറ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാർട്ടേഡ് അക്കൗണ്ടൻറ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിൻെറ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | ഗവ. ആയുർവ്വേദ ഡിസ്പെൻസറി സൗത്ത് വാഴക്കുളം | 06-06-06 | സമർപ്പി ച്ചിട്ടില്ല | - | - | - | ഓഡിറ്റ് നടന്നിട്ടില്ല | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | ഗവ. ഹോമിയോ ഡിസ്പെൻസറി , മഞ്ഞപ്പെട്ടി | 30.04.1988 (HDC ) 06.06.06 (HMC) | സമർപ്പിച്ചിട്ടില്ല | - | - | - | ഓഡിറ്റ് നടന്നിട്ടില്ല | 1997-2002 കാലയളവിൽ അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് നടത്തി യിട്ടുണ്ട് |
| 3 | പിഎച്ച്സി വാഴക്കുളം | 01.04. 2002 (HDC) 06-06-2006 (HMC) | 08/2012 | | 2011-12 | LFE(C) 1674/2012 തീയതി. 14.09.2012 | ഓഡിറ്റ് നടന്നിട്ടില്ല | |

ആശുപത്രി മാനേജ്മെന്റ് കമമിറ്റിയുടെ വാർഷിക കണക്കുകൾ യഥാസമയം സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഓഡിറ്റിനായി സമർപ്പിക്കുവാനുള്ള നിർദ്ദേശം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നല്കേണ്ടതാണ്.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60,93,78,04 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73,55,83,30 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 28,20,178 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

ഇല്ല

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

ഇല്ല

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 1630 | ശ്രീമതി.പാർവ്വതി ഉണ്ണിത്താൻ അസിസ്റ്റന്റ് എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 14,91,178 | ശ്രീ. എ.എം മീതിയൻ സെക്രട്ടറി,ഗ്രാമപഞ്ചായത്ത് |

| | | |
|---|---|---|
| | 11,18,143 | ശ്രീ. ജിനേഷ്<br>അസി.സെക്രട്ടറി |
| | 7,60,000 | ശ്രീമതി.സന്ധ്യ സി.ബി<br>എൽ.വി.ഇ.ഒ, വാഴക്കുളം |
| | 5,69,000 | ശ്രീ.മോഹൻദാസ് എം<br>ഹെഡ് മാസ്റ്റർ, ജി.യു.പി.എസ് |
| ആകെ | 28,20,178 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എ.എം മീതിയൻ<br>സെക്രട്ടറി,ഗ്രാമപഞ്ചായത്ത് | സെക്രട്ടറി<br>ചേർപ്പ് ഗ്രാമപഞ്ചായത്ത് | അട്ടായം<br>ഇരുമലപ്പടി<br>നെല്ലിക്കുഴി |
| ശ്രീ.ജിനേഷ്<br>അസിസ്റ്റന്റ് സെക്രട്ടറി<br>(സെക്രട്ടറി ഇൻ ചാർജ്) | സെക്രട്ടറി<br>പായിപ്ര ഗ്രാമപഞ്ചായത്ത് | - |
| ശ്രീമതി.സന്ധ്യ സി.ബി<br>എൽ.വി.ഇ.ഒ, വാഴക്കുളം | എൽ.വി.ഇ.ഒ, വാഴക്കുളം | |
| ശ്രീ.മോഹൻദാസ് എം<br>ഹെഡ് മാസ്റ്റർ, ജി.യു.പി.എസ് | ഹെഡ് മാസ്റ്റർ,<br>ജി.യു.പി.എസ് | പാറേക്കാട്ട്<br>ഹൗസ്<br>അല്ലപ്ര പി.ഒ<br>പെരുമ്പാവൂർ |
| ശ്രീമതി.പാർവ്വതി ഉണ്ണിത്താൻ<br>അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ<br>കൊച്ചി കോർപ്പറേഷൻ | നർമ്മദ<br>എൻക്ലേവ്<br>വി.പി മരയ്ക്കാർ<br>റോഡ്<br>ഇടപ്പിള്ളി<br>നോർത്ത് |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97,97-98 | എൽ എഫ്.ഇ (പി5)1210/99/7.3.00 |
| 1998-99 | എൽ എഫ്.ഇ (പി 5)256/01/30.6.01 |
| 1999-00 | എൽ എഫ്.ഇ (പി 5)1017/01/30.6.01 |
| 2000-01 | എൽ എഫ്.ഇ (പി 5)1370/01/1.8.02 |
| 2001-02 | എൽ എഫ്.ഇ (പി 5)379/04/5.6.04 |

| | |
|---|---|
| 2002-03 | എൽ എഫ്.ഇ (പി 5)19/07/03.03.07 |
| 2003-04 | എൽ എഫ്.ഇ (പി 5)746/05/31.05.06 |
| 2004-05 | എൽ എഫ്.ഇ (പി 5)1466/08/16.3.10 |
| 2005-06 | എൽ എഫ്.ഇ (പി 5)1290/09/16.3.10 |
| 2007-008 | എൽ എഫ്.ഇ (പി 5)1296/09/16.03.10 |
| 2008-09 | എൽ എഫ്.ഇ (പി 5)1211/10/23.5.11 |
| 2009-10,10-11 | എൽ എഫ്.ഇ (പി 5)1587/12/13.9.12 |
| 2011-12 | എൽ എഫ്.ഇ (പി 5)2213/13/20.12.13 |
| 2012-13 | എൽ എഫ്.ഇ (പി 5)11/15/4.2.15 |
| 2013-14 | കെ എസ് എ-ഇ കെ എം (പി 5) 410/16/9.3.16 |
| 2014-15 | കെ എസ് എ-ഇ കെ എം (പി 5) 1075/16/5.7.16 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(പി.5)1906/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : lfadekm@gmail.com
തീയതി :07.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

# APPENDIX – I

AUDIT CERTIFICATE

No.K.S.A.-EKM(P5)1906/2016 Kerala State Audit Department

District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271,
E-mail : lfadekm@gmail.com
Dated: 07.12.2016

Certified that I have audited the Annual Financial Statement of Vazhakkulam Grama panchayat in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Vazhakkulam Grama panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director(H.G.)